ഉത്തരം

(എ) കാഞ്ഞങ്ങാട്–പാണത്തൂർ സ്റ്റേറ്റ് ഹൈവേയിൽ നിലവിലുള്ള പാലങ്ങളിൽ ഒരു പാലത്തിന്റെ പണിയാണ് ഇപ്പോൾ പൂർത്തിയായത്.

(ബി) ഭരണാനുമതി ലഭ്യമാക്കുന്നതനുസരിച്ച് പണി തുടങ്ങാൻ സാധിക്കുന്നതാണ്.

നെടുമ്പാശ്ശേരി–പിറവം–ഏറ്റുമാനൂർ സ്റ്റേറ്റ് ഹൈവേ

43 [3568] *ശ്രീ. ടി. എം. ജേക്കബ്:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെടുമ്പാശ്ശേരിയിൽ നിന്ന് പിറവം വഴി ഏറ്റുമാനൂർക്ക് സ്റ്റേറ്റ് ഹൈവേ നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ ഇതിനായി എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) & (ബി) നെടുമ്പാശ്ശേരിയിൽ നിന്നും പിറവം വഴി ഏറ്റുമാനൂർക്ക് ഒരു ഹൈവേ നിർമ്മിക്കുന്നതിനാവശ്യമായ പ്രാരംഭ പഠനങ്ങൾ നടത്തി വിശദമായ പദ്ധതി റിപ്പോർട്ട് (ഡി. പി. ആർ.) തയ്യാറാക്കിയിട്ടുണ്ട്.

മേത്താനം പാലം നിർമ്മാണം

44 [3569] *ശ്രീ. കെ. മുഹമ്മദാലി:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലുവ, ഏലൂർ പഞ്ചായത്തിൽ മേത്താനം കടവിൽ ഒരു പാലം നിർമ്മിക്കുന്നതിനുള്ള നിർദ്ദേശം പരിഗണനയിലുണ്ടോ;

(ബി) ഇതു സംബന്ധിച്ച് നാളിതുവരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്ന് അറിയിക്കാമോ;

(സി) മേത്താനം പാലത്തിന്റെ നിർമ്മാണം എന്നത്തേക്ക് ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) പരിഗണനയിലുണ്ട്.

(ബി) പ്രാഥമിക മണ്ണുപരിശോധന കഴിഞ്ഞു. ഡിസൈൻ തയ്യാറാക്കിക്കൊണ്ടിരിക്കുന്നു. പൂർത്തിയായിട്ടില്ല.

(സി) നടപടി ക്രമങ്ങൾ പൂർത്തിയാക്കുന്ന മുറയ്ക്ക് മാത്രമേ പണി ആരംഭിക്കാൻ കഴിയുകയുള്ളു. അതിനാൽ കൃത്യമായി പറയാനാവില്ല.

LIBRARY ARCHIVES Kerala Legislative Assembly